പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1576 **01-07-2026-ൽ മറുപടിയ്ക്ക്**

കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ ഫോറൻസിക് സർജൻ നിയമനം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) ഫോറൻസിക് സർജൻ തസ്തിക നിലവിലില്ലാത്ത ജില്ലാ ആശുപത്രികൾ ഏതൊക്കെയാണെന്ന വിവരം നൽകാമോ; ഇതിൽ കാഞ്ഞങ്ങാട് ജില്ലാ ആശുപത്രി ഉൾപ്പെട്ടിട്ടുണ്ടോ;

മറുപടി: ഫോറൻസിക് സർജൻ തസ്തിക നിലവിലില്ലാത്ത ജില്ലാ ആശുപത്രികൾ ചുവടെ ചേർക്കുന്നു.

1. ജില്ലാ മാതൃകാ ആശുപത്രി, പേരൂർക്കട

2. ജില്ലാ ആശുപത്രി, മാവേലിക്കര

3. ജില്ലാ ആശുപത്രി, കോഴഞ്ചേരി

4. ജില്ലാ ആശുപത്രി, തൊടുപുഴ

5. ജില്ലാ ആശുപത്രി, ആലുവ

6. ജില്ലാ ആശുപത്രി, വടക്കാഞ്ചേരി

7. ജില്ലാ ആശുപത്രി, പെരിന്തൽമണ്ണ

8. ജില്ലാ ആശുപത്രി, നിലമ്പൂർ

9. ജില്ലാ ആശുപത്രി, വടകര

10. ജില്ലാ ആശുപത്രി, കാഞ്ഞങ്ങാട്

(ബി) എല്ലാ ജില്ലാ ആശുപത്രികളിലും ഫോറൻസിക് സർജനെ നിയമിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

മറുപടി: എല്ലാ ജില്ലാ ആശുപത്രികളിലും നിയമനം നടത്തുന്നതിനുള്ള ഫോറൻസിക് സർജൻമാരുടെ തസ്തികകൾ നിലവിലില്ലാത്തതിനാൽ കൂടുതൽ തസ്തികൾ സൃഷ്ടിക്കേണ്ടതുണ്ട്. നിലവിലെ മാനദണ്ഡങ്ങൾ അനുസരിച്ച് ഘട്ടം ഘട്ടമായാണ് തസ്തികകൾ സൃഷ്ടിക്കുന്നത്. രോഗികളുടെ സാന്ദ്രത, നിലവിലുള്ള ജീവനക്കാരുടെ ലഭ്യത, സേവന കേന്ദ്രങ്ങളുടെ പ്രവർത്തനക്ഷമത തുടങ്ങിയ ഘടകങ്ങൾ ഉൾപ്പെടുത്തി എല്ലാ ജില്ലാ ആശുപത്രികളിലും ഗ്യാപ് അനാലിസിസ് നടത്തി വിശദമായ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ആരോഗ്യ വകുപ്പ് ഡയറക്ടർ സർക്കാരിലേക്ക് സമർപ്പിക്കുന്നു.സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ

അടിസ്ഥാനത്തിൽ ആരോഗ്യ സംവിധാനത്തിന്റെ കാര്യക്ഷമതയും ജനങ്ങൾക്കുള്ള സേവനങ്ങളുടെ ഗുണമേന്മയും ഉയർത്തുന്നതിനാവശ്യമായ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു.

സെക്ഷൻ ഓഫീസർ